"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് -വയനാട് ജില്ലയിലെ ഉരുൾപൊട്ടലിനെ തുടർന്ന് മാതാപിതാക്കളിൽ ഒരാൾ/ഇരുവരും നഷ്ടപ്പെട്ട 5 കുട്ടികൾക്കുള്ള ഒറ്റത്തവണ ധനസഹായം സ്നേഹപൂർവ്വം പദ്ധതി ശീർഷകത്തിൽ നിന്ന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.348/2025/WCDD തീയതി,തിരുവനന്തപുരം, 23-07-2025

---

പരാമർശം:-

1. 05.10.2024 ലെ സ.ഉ.(എംഎസ്) 5/2024/WCDD .
2. 11.02.2025 ലെ സ.ഉ.(സാധാ) നം.63/2025/WCDD
3. വനിത ശിശു വികസന ഡയറക്ടറുടെ 22.03.2025 ലെ DWCD/4899/2024-ICPS 1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2024 ജൂലായ് 30 ന് വയനാട് ജില്ലയിലുണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് ഇരുമാതാപിതാക്കളും നഷ്ടപ്പെട്ട 6 കുട്ടികൾക്ക് 10,00,000/-രൂപ വീതവും, മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ നഷ്ടപ്പെട്ട 8 കുട്ടികൾക്ക് 5,00,000/-രൂപ വീതവും ഒറ്റത്തവണ ധനസഹായമായി വനിതാ ശിശു വികസന വകുപ്പിന്റെ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിലേയ്ക്കുള്ള ചെലവ് 2235-60-200-72(11) സ്നേഹപൂർവ്വം (pv) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി പരാർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തു. മേൽ പ്രതിപാദിച്ച കുട്ടികളെ കൂടാതെ വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ ഇരു മാതാപിതാക്കളും നഷ്ടപെട്ട 1 കുട്ടിക്കു 10,00,000/-രൂപയും മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ നഷ്ടപ്പെട്ട 4 കുട്ടികൾക്കും 5,00,000/-രൂപ വീതം 20,00,000/- രൂപയും ചേർത്ത് ആകെ 30,00,000/-രൂപ ഒറ്റത്തവണ ധനസഹായമായി സ്നേഹപൂർവ്വം പദ്ധതിയുടെ 2235-60-200-72(11) സ്നേഹപൂർവം (PV) ൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം വനിത ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

| ക്രമ നം | ഇനം | തുക (രൂപയിൽ) | കുട്ടികളുടെ എണ്ണം (പുതിയത്) | കുട്ടികളുടെ പേര്, വയസ്സ് | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇതു മാതാപിതാക്കളും നഷ്ടപ്പെട്ട കുട്ടികൾക്കുള്ള ഒറ്റത്തവണ ധനസഹായം | 10,00,000/- | 1 | ഷിബിൻ ജി (17 വയസ്സ്) | 10,00,000/- രൂപ |

| | | | | | |
|---|---|---|---|---|---|
| 2 | മാതാപിതാക്കളിൽ ഒരാൾ നഷ്ടപ്പെട്ടതും സംസ്ഥാനത്ത് തുടരുന്നതുമായ കുട്ടികൾക്കുള്ള ഒറ്റത്തവണ ധനസഹായം | 5,00,000/- | 4 | 1. നസിയ ഫാത്തിമ (17 വയസ്സ്) 2. മുഹമ്മദ് ഇസഹാക്ക് (17 വയസ്സ്) 3. അമർജിത്ത് (12 വയസ്സ്) 4. സായി ലാവണ്യ (12 വയസ്സ്) | 20,00,000/- രൂപ |
| ആകെ തുക | | | | | 30,00,000/- |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാതാപിതാക്കളിൽ ഇരുവരുമോ, അവരിൽ ആരെങ്കിലും ഒരാളെയോ നഷ്ടപ്പെടുകയും കൂടാതെ സാമ്പത്തിക ഞെരുക്കം കാരണം ജീവിച്ചിരിക്കുന്ന രക്ഷിതാവിനു കുട്ടിയെ നോക്കാൻ കഴിയാത്ത അവസ്ഥയിലായ കുട്ടികൾക്കുള്ള ധനസഹായ പദ്ധതിയായ സ്നേഹപൂർവ്വം പദ്ധതിയുടെ 2235-60-200-72 (11) സ്നേഹപൂർവ്വം (pv) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വയനാട് ഉരുൾ പൊട്ടൽ ദുരന്തം കാരണം , മാതാപിതാക്കൾ നഷ്ടപ്പെട്ട ഷിബിൻ ജി എന്ന കുട്ടിക്ക് 10,00,000/-രൂപയും മാതാപിതാക്കളിൽ ഒരാൾ നഷ്ടപ്പെട്ട നസിയ ഫാത്തിമ,മുഹമ്മദ് ഇസഹാക്ക്,അമർജിത്ത്, സായി ലാവണ്യ എന്നീ നാല് കുട്ടികൾക്ക് 5,00,000/-രൂപ വീതവും ഒറ്റത്തവണ ധന സഹായം നല്കുന്നതിലേക്കായി ആകെ 30,00,000/-രൂപ (മുപ്പത് ലക്ഷം രൂപ മാത്രം) സ്നേഹപൂർവ്വം പദ്ധതിയുടെ 2235-60-200-72 (11) സ്നേഹപൂർവ്വം (pv) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/എ&ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena. R Raj
സെക്ഷൻ ഓഫീസർ
Date: 23-07-2025 17:12:26